**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 157** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മൊബൈൽ ഫോൺ / ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | മൊബൈൽ ഫോൺ / ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ (2021 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ) സംസ്ഥാനത്ത് 24 കുട്ടികളുടെ ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കാരണം എത്ര കുട്ടികളെ കുറ്റക്കാരായി കണ്ടെത്തി പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (ബി) | ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ മൂലം സംസ്ഥാനത്ത് 19 കുട്ടികളെ CCL (Child in Conflict with Law) ആയി കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഇക്കാലയളവിൽ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങേണ്ടി വന്നു; എവിടെയെല്ലാം തുടങ്ങി എന്നറിയിക്കാമോ; ഇതുവഴി നാളിതുവരെ എത്ര കുട്ടികളെ ചികിത്സിച്ചു രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകി വരുന്നു; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നിവിടങ്ങളിലായി ഓരോ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (D-DAD) വീതം സ്ഥാപിച്ചിട്ടുണ്ട്. ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന നാളിതുവരെ 232 കുട്ടികളെ കൗൺസിലിംഗ് നൽകി രക്ഷപെടുത്തിയിട്ടുണ്ട്. നിലവിൽ 86 കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ